പ്രവൃത്തികൾ	ആവശ്യമായ തുക
നിർമ്മാണ പ്രവൃത്തികൾ	2,54,00,000
ഫർണിച്ചർ	22,36,550
ഉപകരണങ്ങൾ	40,34,406
മറ്റുള്ളവ	
1. ജനറേറ്റർ	10,00,000
2. ആംബുലൻസ്	30,00,000
3. സ്പ്ലിറ്റ് എ.സി.(2 എണ്ണം)	1,00,000
4. മിനി പവർ ലാൻഡി (1)	2,95,000
5. ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ്	2,00,000
കണ്ടിജൻസി	
1. കൺസ്യൂമബിൾസ്	2,00,000
2. ട്രോമാകെയർ	2,00,000
3. ആംബുലൻസ്/പി.ഒ.എൽ.	3,00,000
സാലറി-ഹ്യൂമൻ റിസോഴ്സ്	58,32,000
ആകെ	4,27,98,956

• **മറ്റത്തൂർ മദർ പി.എച്ച്.സി.**

83(772) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ മദർ പി.എച്ച്.സി.യിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിവിൽ സർജന്റെ ഒരു ഒഴിവിലേക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി ഒഴിവു നികത്തുന്നതാണ്. കോടതി ഉത്തരവ് നിലനിൽക്കുന്നതിനാലാണ് ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രൊമോഷൻ വൈകുന്നത് ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2-ന്റെ ഒരു ഒഴിവ് പ്രൊമോഷൻവഴി നികത്തുന്നതാണ്. പാർട്ട് ടൈം ക്ലീനറുടെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

84(773) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും അനുവദിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നും അവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എച്ച്.സി. മങ്ങാട്ടിടം, ചിറ്റാരിപ്പറമ്പ് എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ ഒരു ഒഴിവ് വീതം ഉണ്ട്. പാരാമെഡിക്കൽ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിലെ ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly